# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല - ആലപ്പുഴ
2. സ്കൂൾ കോഡ് - 46412
3. സ്കൂളിന്റെ പേര് - സി. എം. എസ്. എൽ. പി. സ്കൂൾ കുന്നുമ്മേൽ
4. മേൽവിലാസം - സി. എം. എസ്. എൽ. പി. സ്കൂൾ കുന്നുമ്മേൽ പി. ഒ. കാവാലം
5. പിൻകോഡ് - 688506
6. ഫോൺ നമ്പർ - 9495211502
7. ഇ-മെയിൽ അഡ്രസ്സ് - cmslpskunnummal@gmail.com
8. ഗ്രാമ പഞ്ചായത്ത് - കാവാലം
9. വിദ്യാഭ്യാസ ജില്ല - കുട്ടനാട്
10. സബ് ജില്ല - വെളിയനാട്
11. ക്ലാസുകൾ - പ്രീ-പ്രൈമറി - നാല്
12. മാനേജ്മെന്റ് - സി. എം. എസ്. കോർപ്പറേറ്റ്
13. പഠനമാധ്യമം - മലയാളം

# ആമുഖം

കേരളത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്കാണ് പൊതുവിദ്യാഭ്യാസത്തിനുള്ളത്. പൊതുവിദ്യാഭ്യാസ രംഗത്തിന്റെ വളർച്ചയും മുന്നേറ്റവുമാണ് കേരളത്തെ മികവിലേക്ക് നയിക്കുന്നത്. ഓരോ പൊതുവിദ്യാലയവും അക്കാദമിക വർഷത്തിന്റെ ആരംഭം മുതൽ തന്നെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ അക്കാദമിക മികവ് കൈവരിച്ച് മികവിന്റെ കേന്ദ്രങ്ങളായി മാറുന്നതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരും ചേർന്ന് പ്രവർത്തിക്കുന്ന ആസൂത്രിതമായ പരിപാടിയാണ് ജനകീയ വിദ്യാഭ്യാസ മാതൃക.

പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകരക്ഷാകർത്തൃ സമിതികൾ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, വിദ്യാലയ വികസന സമിതി, പൂർവ്വവിദ്യാർത്ഥി സംഘടന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും ഓരോ വിദ്യാലയത്തിലും

നിശ്ചിതമായ പഠനനേട്ടങ്ങളും നിർദ്ദിഷ്ട പഠന മണിക്കൂറുകളും അദ്ധ്യയനം ഉറപ്പാക്കുന്നതിനും അക്കാദമിക മികവിലൂടെ വിദ്യാലയ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുമുള്ള ആസൂത്രിത പ്രവർത്തന നിർദ്ദേശങ്ങളും അവയ്ക്കാവശ്യമായ സഹായ സംവിധാനങ്ങളും സംബന്ധിച്ച വ്യക്തത ഇതു നൽകുന്നതാണ്.

നമ്മുടെ നാടിന്റെ നന്മയെന്ന് അംഗീകരിക്കപ്പെട്ട മതനിരപേക്ഷ നിലപാടും ബഹുസ്വരതയെ ഉൾക്കൊള്ളുന്ന മനോഭാവവും സഹിഷ്ണുതയും കൂട്ടായി പ്രവർത്തിക്കാനുള്ള മനോഭാവവുമൊക്കെ വികസിച്ചുവന്നത് പൊതു വിദ്യാലയങ്ങളിലൂടെയാണ്. ഈ ഒത്തൊരുമയും പങ്കാളിത്തവും വർദ്ധിപ്പിച്ച് ഈ വിദ്യാലയം കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനും വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ഒന്നിച്ചു പ്രവർത്തിക്കുവാൻ ഒരുങ്ങും.

പദ്ധതി നിർവ്വഹണത്തിൽ എല്ലാവരുടെയും
പങ്കാളിത്തം ഉറപ്പാക്കണം. സുതാര്യവും മികവുറ
റ്റതുമായ നിർവ്വഹണത്തിൽ എല്ലാവരുടെയും
പങ്കാളിത്തം ഉറപ്പാക്കണം. സുതാര്യവും മികവുറ
റ്റതുമായ നിർവ്വഹണ രീതിയാണ് കമ്മിറ്റി ലക്ഷ്യം
വയ്ക്കുന്നത്. നമ്മുടെ നാട്ടിലെ ഓരോ കുട്ടിക്കും
അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും
നൈപുണികളും ശേഷികളും നേടുന്നതിനാവശ്യമായ
അവസരമൊരുക്കുവാനുള്ള സംഘടിതശ്രമത്തിന്
എല്ലാവരുടെയും പിന്തുണയും സഹകരണവും
വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ
അക്കാദമിക മാസ്റ്റർ പ്ലാൻ സാദരം
കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തകർക്കു
മുന്നിൽ സമർപ്പിക്കുന്നു.

എന്ന്

Mable John

MABLE JOHN

CMS LP SCHOOL ★ KUNNUMMEL ★ KAVALAM

MABLE JOHN
HEADMISTRESS
C M S L.P. SCHOOL
KUNNUMMEL, KAVALAM

# ലക്ഷ്യം

അവകാശാധിഷ്ഠിതമായ വിദ്യാലയം എന്ന സങ്കല്പം സാക്ഷാത്കരിക്കുവാനായി പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ ഭാഗമായി കുന്നുമ്മേൽ സി. എം. എസ്. എൽ. പി. സ്കൂൾ ചുവടെ ചേർത്തിട്ടുള്ള വികസന മേഖലകളിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. 2025-26 വർഷം ടി പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ശ്രമിക്കും.

- എല്ലാവർക്കും പ്രവേശനം എല്ലാവർക്കും പങ്കാളിത്തം
- ശുചിത്വ സുന്ദര ഹരിത വിദ്യാലയം, ശിശുസൗഹൃദ വിദ്യാലയം
- കലാകായിക വിദ്യാഭ്യാസ സമഗ്രവികസനം
- കമ്പ്യൂട്ടർ പരിശീലനം, I.C.T.
- പുസ്തക ചങ്ങാത്തം
- ശാസ്ത്രബോധ വികാസം - ശാസ്ത്രാഭിമുഖ്യം
- നിരന്തര മൂല്യനിർണ്ണയം
- ഇംഗ്ലീഷ് പഠനം

- പഠനയാത്രശേഷി വികാസം
- ക്ലബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ
- സാമൂഹ്യ പങ്കാളിത്തം
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസം
- മികവുറ്റ ഭൗതിക സാഹചര്യം - പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആക്കുന്നതരത്തിൽ ഭൗതിക സാഹചര്യം ഒരുക്കും.
- പഠിതാക്കളിലെ കഴിവുകൾ കണ്ടെത്തി ഒരേ കഴിവുകളുള്ള പഠിതാക്കൾക്ക് ഒന്നിച്ച് പരിശീലനം കൊടുക്കും.
- വിദഗ്ധരെ കണ്ടെത്തി പഠിതാക്കൾക്ക് അനുഭവങ്ങൾ കൊടുക്കുവാൻ ശ്രമിക്കും.
- വിദ്യാലയ ലൈബ്രറി ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും
- I.C.T. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും

# വിദ്യാലയ ചരിത്രം

140 വർഷം പഴക്കമുള്ള കുട്ടനാട്ടിലെ ആദ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നാണ് കാവാലം പഞ്ചായത്തിൽ 12-ാം വാർഡിലെ കുന്നുമ്മേൽ സി. എം. എസ്. എൽ. പി. സ്കൂൾ. റവ. തോമസ് നോർട്ടൻ തന്റെ മിഷനറി യാത്രയുടെ ഭാഗമായി ആലപ്പുഴ നിന്നും കൈനകരി വഴിയുള്ള യാത്രയിൽ കാവാലത്ത് എത്തുകയും നല്ലവരായ നാട്ടുകാരുടെ സഹകരണത്തോടെ സ്ഥലം വാങ്ങുകയും പള്ളിക്കായി ഓലമേഞ്ഞ ഒരു കെട്ടിടം പണിയിപ്പിക്കുകയും ചെയ്തു. 1851-ൽ മിഷനറിയായി വന്ന റവ. ജെ. ഹാർഡിംഗ് സി. എം. എസ്. എൽ. പി. സ്കൂളിന് പ്രാരംഭം കുറിച്ചു. പള്ളിയിലാണ് അന്ന് ക്ലാസുകൾ നടന്നുവന്നിരുന്നത്.

1885-ൽ പ്രജാസഭാ അംഗമായിരുന്ന ശ്രീ. ശരത്ത് ശലോമോൻ സംഭാവന നൽകിയ സ്ഥലത്ത് വിദ്യാലയത്തിന് പുതിയ കെട്ടിടം പണിതു. അങ്ങനെ "പള്ളിയും കൂടവും" ആയി

വിദ്യാഭ്യാസിച്ചിരുന്നിടത്തുനിന്ന് മാറി വിദ്യാലയം വേറിട്ടുണ്ടായി. അന്നത്തെ കെട്ടിടമാണ് ഇന്നും സ്ഥിതി ചെയ്യുന്നത്. 1947 മുതൽ ഈ വിദ്യാലയം സി. എസ്. ഐ. സഭയുടെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു.

ഈ പ്രദേശത്തെ ജാതിമതഭേദമന്യേ എല്ലാ ജനങ്ങൾക്കും പഠിക്കുന്നതിനുള്ള അവസരം ഈ വിദ്യാലയത്തിൽ ലഭ്യമായി. പ്രത്യേകിച്ച് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വിദ്യ അഭ്യസിക്കുന്നതിന് ഇതൊരു അനുഗ്രഹമായി. പ്രഗത്ഭരും പ്രശസ്തരുമായ അനേകം ആളുകൾ ഈ വിദ്യാലയത്തിന്റെ പൂർവ്വ വിദ്യാർത്ഥികളായിട്ടുണ്ട്. ഇതിന്റെ യശസ്സുയർത്തുന്നു. ശ്രീ. സർദാർ കെ. എം. പണിക്കർ, ഡോ. ചേരമൻ, ഡോ. പുന്നൂസ്, കർഷക നേതാവായ ശ്രീ. എം. ജെ. മാത്തുക്കുട്ടി തുടങ്ങിയവർ ഇവരിൽ ചിലരാണ്.

ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ കൂണു പോലെ വളരുകയും യാത്രാസൗകര്യങ്ങൾ വർദ്ധിക്കുകയും മാതാപിതാക്കളുടെ സാമ്പത്തിക നിലവാരം ഉയരുകയും ചെയ്തപ്പോൾ ഈ വിദ്യാലയ

ത്തിൽ കുട്ടികളുടെ എണ്ണം വളരെ കുറഞ്ഞു.

എന്നാലും കലാകായിക പ്രവർത്തി പരിചയ മേളകളിൽ കുട്ടികൾ പങ്കെടുക്കുകയും നല്ല നിലയിൽ വിജയം കൈവരിക്കുകയും ചെയ്യുന്നു. വരും കാലങ്ങളിൽ സമൂഹത്തിന് മാതൃകയാക്കാവുന്ന ഒരു പറ്റം കുഞ്ഞുങ്ങളെ ഈ വിദ്യാലയത്തിൽ നിന്നും ലഭിക്കും എന്ന് പ്രതീക്ഷിക്കുന്നു.

# മികവ് - കാഴ്ചപ്പാട്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന കർമ്മപദ്ധതി കേരളം ഏറ്റെടുത്തത് വലിയ താല്പര്യത്തോടെയാണ്.

അവകാശാധിഷ്ഠിതമായ വിദ്യാലയമെന്ന സങ്കല്പം സാക്ഷാത്കരിക്കുന്നതിനായി സാമൂഹ്യ പങ്കാളിത്തത്തോടെ കുന്നുമ്മേൽ സി. എം. എസ്. എൽ. പി. സ്കൂളിലും ചില കർമ്മ പദ്ധതികൾ ആവിഷ്കരിക്കാൻ ആഗ്രഹിക്കുന്നു. 2025-26 കാലയളവിൽ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കും.

എല്ലാവർക്കും പ്രവേശനം, എല്ലാവർക്കും ഇതുമായി ബന്ധപ്പെട്ട് കോർണർ പി.ടി.എ., ഭവന സന്ദർശനങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തുകയും കൂടുതൽ കുട്ടികളുടെ പ്രവേശനം ഉറപ്പാക്കുകയും ചെയ്യും.

ശുചിത്വ സുന്ദര ഹരിത വിദ്യാലയം, ശിശുസൗഹൃദ വിദ്യാലയം എന്നത് സാർത്ഥകമാക്കാൻ ബയോഗ്യാസ് പ്ലാന്റ്, പ്ലാസ്റ്റിക് നിർമ്മാർജ്ജനം എന്നിവ ഊർജ്ജിതപ്പെടുത്തും. ജൈവവൈവിധ്യപാർക്ക്

ശലഭോദ്യാനം എന്നിവയുടെ നിർമ്മാണത്തിന് പ്രാമുഖ്യം നൽകും.

കലാകായിക വിദ്യാഭ്യാസത്തോടൊപ്പം കമ്പ്യൂട്ടർ പഠനവും നിർബന്ധമാക്കും. ഇതിന് കമ്പ്യൂട്ടർ ലാബും, ഹൈടെക് ക്ലാസ്സ് റൂമും ആവശ്യമാണ്. പി.ടി.എ. മാനേജ്മെന്റ്, പൂർവ്വവിദ്യാർത്ഥികൾ, സന്നദ്ധസംഘടനകൾ എന്നിവയോടെ പൂർത്തിയാക്കും.

വായിച്ചു വളരുക എന്ന ലക്ഷ്യത്തോടെ ലൈബ്രറി വികസനം, പുസ്തകച്ചങ്ങാത്തം തുടങ്ങിയവയൊരുക്കും. ശാസ്ത്രബോധ വികാസം, ശാസ്ത്രാഭിമുഖ്യം ഇവയ്ക്കായി ക്വിസ്, പ്രദർശനങ്ങൾ എന്നിവ ഉൾപ്പെടെ പരമാവധി അവസരങ്ങൾ ഒരുക്കും.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ജീവിത നൈപുണി പരിശീലനം പ്രത്യേക പാഠ്യപദ്ധതികൾ, അവരുടെ സവിശേഷ കഴിവ് കണ്ടെത്തി പരിശീലിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ ആസൂത്രണം ചെയ്തു നടപ്പാക്കും. ഇതിനായി വിദഗ്ധാഭിപ്രായം തേടും. ഇങ്ങനെ ഇവരെയും സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാൻ ശ്രമിക്കും.

ക്ലാസ് പ്രവർത്തനങ്ങൾക്കൊപ്പം ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നിവ

സമുചിതമായി ആലോചിക്കും. ഇംഗ്ലീഷ് പഠനം പരിപോഷിപ്പിക്കാൻ പ്രത്യേക ഇംഗ്ലീഷ് ക്ലാസുകൾ, ഇംഗ്ലീഷ് വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കും. കണ്ടും കേട്ടും പഠിക്കുന്നതിനായി പഠനയാത്രകൾ സംഘടിപ്പിക്കും.

സാമൂഹ്യ പങ്കാളിത്തത്തോടെ സ്കൂൾ മുഖം മണ്ണിട്ടുയർത്തി ഇന്റർലോക്ക് ചെയ്ത് ഭംഗിയാക്കും.

ഇങ്ങനെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ നിലവാരം ഉയർത്തുകയും സ്കൂൾ മികവിന്റെ കേന്ദ്രമാക്കുകയും അങ്ങനെ വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം ഫലപ്രാപ്തിയിലെത്തിക്കുകയും ചെയ്യും.

"പ്രകൃതി തന്നെ പാഠപുസ്തകം" ദർശനം ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി രൂപപ്പെടുത്തുക.